| | | | |
|---|---|---|---|
| (ഡി) | ആനയറ | . . | ഇല്ല. |
| | നെടുമങ്ങാട് | . . | 25 |
| | മൂവാറ്റുപുഴ | . . | 38 |
| | മരട് | . . | 132 |
| | വേങ്ങേരി | . . | 76 |
| | സുൽത്താൻബത്തേരി | . . | 20 |

(ഇ) സ്വീകരിച്ചുവരുന്നുണ്ട്.

## വെളിച്ചെണ്ണയ്ക്ക് അയൽ സംസ്ഥാനത്തിന് തുല്യമായ വിൽപ്പന നികുതി ഏർപ്പെടുത്താൻ നടപടി

*21 [337] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വെളിച്ചെണ്ണയ്ക്ക് ഏർപ്പെടുത്തിയ വിൽപ്പന നികുതി എത്രയാണ്;

(ബി) അവ അയൽ സംസ്ഥാനത്തിൽ ഏർപ്പെടുത്തിയ വിൽപ്പന നികുതിയെക്കാൾ കൂടുതലാണ് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വെളിച്ചെണ്ണയ്ക്ക് അയൽ സംസ്ഥാനങ്ങൾക്ക് തുല്യമായ വിൽപ്പന നികുതി ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) വെളിച്ചെണ്ണയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള വിൽപ്പന നികുതി 4 ശതമാനമാണ്.

(ബി) നികുതി നിരക്ക് അന്യ സംസ്ഥാനങ്ങളെക്കാൾ കൂടുതലാണെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കേരളത്തിൽ ചുമത്തിയിട്ടുള്ള കേന്ദ്ര വിൽപ്പന നികുതി നിരക്ക് കൂടുതലാണെന്നുള്ള നിവേദനം പരിഗണിച്ച് ആയത് ഈ വർഷത്തെ ബജറ്റിൽ 2 ശതമാനത്തിൽനിന്ന് 1 ശതമാനമായി കുറച്ചിട്ടുണ്ട്.

(സി) മിക്ക പദാർത്ഥങ്ങൾക്കും ദേശീയ തലത്തിൽ ധനകാര്യമന്ത്രിമാരുടെ ഉന്നതാധികാര സമിതി നിശ്ചയിച്ചിട്ടുള്ള തറ നിരക്കുകൾ ആണ് ഇപ്പോൾ നിലവിലുള്ളത്. വെളിച്ചെണ്ണയുടെ നികുതി നിരക്കിൽ മാറ്റം ആവശ്യമുണ്ടോ എന്നത് പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly